കൊല്ലം	40
പത്തനംതിട്ട	38
ആലപ്പുഴ	37
കോട്ടയം	33
കിഴക്കൻ മേഖല, കോട്ടയം	15
ഇടുക്കി	54
എറണാകുളം	54
സ്പെഷ്യൽ സെൽ, എറണാകുളം	19
തൃശൂർ	62
മദ്ധ്യമേഖല, എറണാകുളം	27
പാലക്കാട്	47
മലപ്പുറം	48
കോഴിക്കോട്	33
സ്പെഷ്യൽ സെൽ, കോഴിക്കോട്	14
വയനാട്	23
കണ്ണൂർ	30
കാസർഗോഡ്	21
ആകെ	659

(സി) പോലീസ് വകുപ്പിലെ 35 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ 16 വിജിലൻസ് അന്വേഷണങ്ങൾ നിലവിലുണ്ട്.

വിജിലൻസ് വിഭാഗത്തിലെ എസ്.ഐ. തസ്തിക നിറുത്തലാക്കാനുള്ള തീരുമാനം

65 (5980) ശ്രീ. ജോസഫ്. എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിജിലൻസ് വിഭാഗത്തിലെ എസ്.ഐ. തസ്തികകൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) എസ്.ഐ. തസ്തികകൾ നിർത്തലാക്കുന്നത് സംബന്ധിച്ചുള്ള തീരുമാനം ഉടലെടുക്കാൻ എന്താണ് കാരണം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം തസ്തികകൾ നിർത്തലാക്കുന്നതുമൂലം ഉളവാകുന്ന അദ്ധ്വാനഭാരം എപ്രകാരം ക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തസ്തികകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവിറക്കിയോ ?

ഉത്തരം

(എ) 3-7-2010-ലെ ജി. ഒ(എം.എസ്)31/2010/വിജി.നമ്പർ ഉത്തരവു പ്രകാരം സംസ്ഥാന വിജിലൻസ് വിഭാഗത്തിലെ 30 പോലീസ് സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ പോലീസ് ഇൻസ്പെക്ടർമാരുടെ തസ്തികകളാക്കി ഉയർത്തിയിട്ടുണ്ട്.

(ബി) ഇൻസ്പെക്ടർ റാങ്ക് മുതലുള്ള ഉദ്യോഗസ്ഥനു മാത്രമേ വിജിലൻസ് കേസ്സുകളും, അന്വേഷണങ്ങളും നടത്താനുള്ള അധികാരമുള്ളൂ എന്നതിനാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിലുള്ള സബ് ഇൻസ്പെക്ടർമാരുടെ തസ്തികകളിൽ പോലീസ് ഇൻസ്പെക്ടർമാരുടേതാക്കി ഉയർത്തുകയാണുണ്ടായത്.

(സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ പോലീസ് സബ് ഇൻസ്പെക്ടർ തസ്തിക മുതൽ താഴോട്ടുള്ള ഉദ്യോഗസ്ഥർ അന്വേഷണോദ്യോഗസ്ഥന്മാരെ സഹായിക്കുക എന്ന ചുമതലമാത്രമാണ് നിർവ്വഹിക്കുന്നത്.വിജിലൻസ് അന്വേഷണങ്ങളുടെയും കേസ്സുകളുടെയും അന്വേഷണം നടത്താൻ പോലീസ് ഇൻസ്പെക്ടർ റാങ്ക് മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്കേ അധികാരമുള്ളൂ. ആയതിനാൽ പോലീസ് ഇൻസ്പെക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതുവഴി കെട്ടിക്കിടക്കുന്ന കേസ്സുകളും, അന്വേഷണങ്ങളും ത്വരിതഗതിയിൽ നടത്തുവാനും, അപ്രകാരം അന്വേഷണ ഉദ്യോഗസ്ഥരുടെ അദ്ധ്വാനഭാരം ലഘൂകരിക്കുവാനും സാധിക്കും. ഇതുവഴി വിജിലൻസ് കേസ്സുകളുടേയും അന്വേഷണങ്ങളുടേയും തീർപ്പാക്കൽ നിരക്ക് വർദ്ധിപ്പിക്കുവാനും കഴിയും.

(ഡി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ 30 സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ ഇൻസ്പെക്ടർമാരുടേതാക്കി ഉയർത്തിക്കൊണ്ടാണ് 3-7-2010-ലെ ജി.ഒ (എം.എസ്) 31/2010. വിജി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

ആലപ്പുഴ നഗരത്തിലെ അഗ്നിശമന സ്റ്റേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

65 (5981) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ നഗരത്തിലെ അഗ്നിശമന സേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly